## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **3961** | **25.06.2014**-ൽ മറുപടിക്ക്

### 'രക്തബാങ്കുകളെ അപ്ഗ്രേഡ് ചെയ്യാൻ നടപടി'

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.പി.സി.ജോർജ്ജ്<br>ഡോ.എൻ.ജയരാജ് | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 13-ാം ധനകാര്യ കമ്മീഷൻ ആരോഗ്യ മേഖലയ്ക്ക് അവാർഡ് ചെയ്തിട്ടുള്ള തുകയെത്രയാണ്; | (എ) | സംസ്ഥാനത്ത് 13-ാം ധനകാര്യ കമ്മീഷൻ ആരോഗ്യമേഖലയ്ക്കായി ആകെ 198 കോടി രൂപ അവാർഡ് ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത ധനകാര്യ കമ്മീഷൻ അവാർഡ് ഫണ്ട് ഉപയോഗിച്ച് നടപ്പ് സാമ്പത്തിക വർഷം നടപ്പാക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ ഏതെല്ലാമാണ്; | (ബി) | 2014-15 സാമ്പത്തിക വർഷം 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് തുകയായ 46 കോടി രൂപ വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**<br>1. ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തൽ<br>2. ജീറിയാട്രിക് കെയർ സംവിധാനം ഏർപ്പെടുത്തൽ<br>3. മെഡിക്കൽ കോളേജാശുപത്രികളിൽ രോഗനിർണ്ണയ സംവിധാനം മെച്ചപ്പെടുത്തുവാനായി അത്യാധുനിക യന്ത്രോപകരണങ്ങൾ സ്ഥാപിക്കുവാനുള്ള പദ്ധതി<br>4. ബയോ മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജന പദ്ധതി<br><br>**ആരോഗ്യവകുപ്പ്**<br>1. ട്രോമാകെയർ ശക്തിപ്പെടുത്തൽ<br>2. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് |

3. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള താലൂക്ക്/സി.എച്ച്.സി/ജില്ലാ ലാബുകളിൽ ഡയഗ്നോസ്റ്റിക് സംവിധാനം ശക്തിപ്പെടുത്തൽ

**ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

1. കണ്ണൂർ ആയുർവേദ കോളേജിലേക്ക് ആവശ്യമായ ഡയഗ്നോസ്റ്റിക് ഉപകരണങ്ങൾ വാങ്ങുന്നതിന്

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്**

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിനോട് ചേർന്ന് ഇൻപേഷ്യന്റ് വാർഡുകളും റിസർച്ച് ലാബും പണിയുന്നതിലേക്ക്

**മലബാർ കാൻസർ സെന്റർ**

ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിലേക്ക്

| | | | |
|---|---|---|---|
| (സി) | ആരോഗ്യ വകുപ്പിനു കീഴിൽ രക്ത ബാങ്കുകൾ, രക്ത സംഭരണ കേന്ദ്രങ്ങൾ, രക്ത ഘടകം വേർതിരിക്കൽ യൂണിറ്റുകൾ എന്നിവയ്ക്കായി പ്രസ്തുത ഫണ്ടിൽ നിന്ന് തുക നീക്കിവച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (സി) & (ഡി) | പ്രസ്തുത പ്രവൃത്തികൾക്കായി 13-ാം ധനകാര്യ കമ്മീഷൻ അവാർഡുകളിൽ നീക്കിവച്ചിട്ടില്ല. |
| (ഡി) | ആധുനിക ആരോഗ്യ സമ്പ്രദായത്തിൽ സൂക്ഷ്മവും സുരക്ഷിതവുമായ രക്തദാനം അത്യാവശ്യ ഘടകമാണെന്നത് കണക്കിലെടുത്ത് നടപ്പു സാമ്പത്തിക വർഷം നിലവിലുള്ള രക്തബാങ്കുകളെ അപ്ഗ്രേഡ് ചെയ്ത് മേൽ യൂണിറ്റുകൾ സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ